(i) ടവർ നിൽക്കുന്ന സ്ഥലത്ത് ഭൂമി വിലയുടെ 100%

(ii) ലൈൻ കമ്പികൾ കടന്നു പോകുന്നതിന്റെ നേരെ താഴെ 16 മീറ്റർ വീതിയിൽ വരുന്ന ഇടനാഴിയിൽ ഭൂമിവിലയുടെ 40%.

(iii) മേൽ പറഞ്ഞ ഭൂമി വില അതാതു ജില്ലാകളക്ടർമാർ നിശ്ചയിക്കുകയും ആയത് പവർ ഗ്രിഡ് കോർപ്പറേഷനും, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും, സംസ്ഥാന ഗവൺമെന്റും ചേർന്ന് നിശ്ചിത അനുപാതത്തിൽ നൽകുന്നതുമാണ്. കളക്ടർ നിശ്ചയിക്കുന്ന ഭൂമി വിലയും ഡിസ്പ്ലേസ്മെന്റ് അലവൻസും കൂടി പരമാവധി ന്യായ വിലയുടെ 5 ഇരട്ടിയായി നിജപ്പെടുത്തിയിട്ടുണ്ട്.

(iv) മുറിച്ച് മാറ്റേണ്ടി വരുന്ന വൃക്ഷങ്ങൾക്ക്/വിളകൾക്ക് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പരമാവധി നഷ്ടപരിഹാരം നൽകുന്നതാണ്.

(v) ലൈനിന് താഴെ വരുന്ന ഒഴിവാക്കാനാവാത്ത വീടുകൾക്ക് പ്രത്യേക പാക്കേജ് ആയി ഒരു ലക്ഷം രൂപ വീതം നൽകുന്നതാണ്. കൂടാതെ കേടുപാടുകൾ വരുന്ന വീടുകൾക്ക് PWD മൂല്യനിർണ്ണയ പ്രകാരം നഷ്ടപരിഹാരം നൽകുന്നതാണ്.

(vi) ടവർ നിർമ്മാണത്തിനുശേഷം നാമമാത്രമായ ഭൂമി മാത്രം അവശേഷിക്കുന്ന കർഷകർക്ക് ടി ഭൂമി വിലയുടെ 100% നഷ്ടപരിഹാരം നൽകുന്നതാണ്.

കൊണ്ടോട്ടി മണ്ഡലത്തിലെ ഊർജ്ജ പരിപോഷണ പദ്ധതികൾ

95 (462) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കൊണ്ടോട്ടി, പുളിക്കൽ, എടവണ്ണപ്പാറ, കരാട് സെക്ഷനുകളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനു വേണ്ടിയും, ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കുവേണ്ടിയും ഏതെല്ലാം പദ്ധതികൾ ഈ വർഷം നടത്തിയിട്ടുണ്ടെന്നും പുതുതായി ഏതെല്ലാം പദ്ധതികൾ നടത്താൻ ഉദ്ദേശിക്കുന്നു എന്നും വിശദമാക്കുമോ ;

(ബി) പുതിയ സെക്ഷൻ, സബ്സ്റ്റേഷൻ എന്നിവ മണ്ഡലത്തിൽ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടത്തിയിട്ടുള്ള പദ്ധതികളും, പുതുതായി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കൊണ്ടോട്ടി ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള എടവണ്ണപ്പാറ, കൊണ്ടോട്ടി, പുളിക്കൽ കീഴിശ്ശേരി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് മുണ്ടക്കുളം ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത്.

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കൊണ്ടോട്ടി, പുളിക്കൽ ഭാഗത്ത് 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുവാൻ 630 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എടവണ്ണപ്പാറയിൽ 66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുവാൻ 854.68 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ

96 (463) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഊർജ്ജ വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ ; ഓരോ പദ്ധതിയുടേയും നിലവിലെ പുരോഗതി കൂടി വിശദമാക്കാമോ?

ഉത്തരം

വികസന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

കൂടാതെ കൊയിലാണ്ടി 110 കെ.വി. സബ്സ്റ്റേഷനിൽ നിലവിലുള്ള 10 MVA ട്രാൻസ്ഫോർമർ മാറ്റി 20 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 112.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly